# കാരുണ്യം മുനിഞ്ഞു കത്തിയ വിളക്ക്

വിജു നായരങ്ങാടി



കാരുണ്യം മുനിഞ്ഞു കത്തിയ വിളക്ക്
വിജു നായരങ്ങാടി
(മലയാളം: ലേഖനം)

© 2023, Viju Nayarangadi

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Kenilworth Castle, a painting by Peter DE WINT (1784–1849). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കാരുണ്യം മുനിഞ്ഞു കത്തിയ വിളക്ക്



കടമ്മനിട്ട

കവിതയിലെ ആധുനികതയുടെ ആഴങ്ങളിലേക്കു കടക്കുമ്പോൾ ഇന്നും കടമ്മനിട്ടയുടെ കവിതകൾ വിസ്മയിപ്പിക്കുന്നുണ്ട്. എഴുത്തിന്റെ പ്രകാശന വഴികളിലേക്ക് വൈകി കയറി വന്ന ആളായിരുന്നു കടമ്മനിട്ട. എത്രയോകാലം എഴുത്തിനെ ഉള്ളിലിട്ടു നീറ്റിയിട്ടുണ്ടാവും ആ മനുഷ്യൻ. മദ്രാസ്സിൽ എം. ഗോവിന്ദനെ കണ്ടു മുട്ടും വരെ ദിക്കറിയാതെ കപ്പലോട്ടിയ നാവികനെ പോലെ ആ ആവിഷ്കാരം കൊതിച്ച മനസ്സ് നടന്നിരിക്കണം.



എം. ഗോവിന്ദൻ

തൊണ്ണൂറുകളുടെ തുടക്കത്തിലായിരിക്കണം തവനൂർ വന്ദന ക്ലബ് കുറച്ചു കാലം എം. ഗോവിന്ദൻ അനുസ്മരണം കുറച്ചുകാലം മുടങ്ങാതെ നടത്തിയിരുന്നു. ഗോവിന്ദനുമായി വ്യക്തി ബന്ധമുള്ള പലരും അക്കാലത്ത് അവിടെ വന്നു സംസാരിച്ചിട്ടുണ്ട്. അക്കാലത്ത് ഒരിക്കൽ വന്നത് കടമ്മനിട്ടയായിരുന്നു. അന്ന് കടമ്മനിട്ട പറഞ്ഞ ഒരു കാര്യം 'എനിക്ക് ഗോവിന്ദനോട്ട് ഈർഷ്യ കലർന്ന ഇഷ്ടമായിരുന്നു' എന്ന്. 'ഞാനീ തവനൂർ കുന്നത്തും കൂരടക്കുന്നത്തും പലതവണ വന്നിട്ടുണ്ട്, അന്നൊക്കെ ചെറിയ ഉരുളൻ ചരൽക്കല്ലുകൾ പെറുക്കി എടുത്തു 'ഗോവിന്ദാ...' എന്ന് ഉറക്കെ വിളിച്ചു ദൂരേക്ക് വലിച്ചെറിയാറുണ്ടായിരുന്നു' എന്നും കടമ്മനിട്ട പറഞ്ഞിരുന്നു. ആ ഒരൊറ്റ പറച്ചിലിൽ ഗോവിന്ദനും കടമ്മനിട്ടയും തമ്മിൽ ഉണ്ടായിരുന്ന കെമിസ്ട്രി വളരെ വ്യക്തവും ആയിരുന്നു.

ഗോവിന്ദൻ അനുഭവങ്ങളിലെ നെല്ലും പതിരും ചേറിക്കൊഴിച്ചു ചേറിക്കൊഴിച്ചു മേദസ്സറ്റവയെ കവിതയിലേക്ക് കുടിയിരുത്തി. അതുകൊണ്ടു തന്നെ അവ എണ്ണത്തിൽ കുറവായി. ഇതിനു നേരെ എതിർദിശയിൽ നിന്നുകൊണ്ടാണ് കടമ്മനിട്ട കവിതയിൽ പ്രവർത്തിച്ചത്. ജീവിതത്തിന്റെ ഏതു പ്രത്യയശാസ്ത്രമുഖത്തെയാണ് തനിക്കു നേരിടേണ്ടത് എന്നു കടമ്മനിട്ടയ്ക്കു പൂർണ്ണ ബോധ്യം ഉണ്ടായിരുന്നു. അപ്പോൾ അതിനു വേണ്ടുന്ന കരുക്കൾ അദ്ദേഹത്തെ തേടി വരികയാണുണ്ടായത്. ഒരു കവി എന്ന നിലയിൽ അദ്ദേഹത്തിനു ലഭിച്ച വരം അതായിരുന്നു. അവസാന ചിത്രം എന്ന രചനയിൽ നിന്ന് ആരംഭിക്കുന്ന ആ ഗൌരവ രചനകൾ പിന്നീട് ഒരു കാലഘട്ടം ആവശ്യപ്പെടുന്ന ആവേഗം ആഞ്ഞു പിടിച്ചെടുക്കുകയായിരുന്നു. കവിത ശബ്ദത്തിന്റെ ഒരനുഷ്ഠാനം ആണെന്ന് അകാലത്തേക്കു മറന്നു തുടങ്ങിയ നമ്മുടെ കാവ്യാവബോധത്തെയാണ് കടമ്മനിട്ട ആദ്യം തിരിച്ചു പിടിച്ചത്. ചെകിട്ടത്ത് ആഞ്ഞു കിട്ടുന്നതിന്റെ പുളച്ചിൽ പോലും പകർന്നു തന്നു കുറത്തി എന്ന് അക്കാലത്തെ സാഹിത്യ ചരിത്രം.



അയ്യപ്പ പണിക്കർ

കവിത വായനക്കാരൻ ആധ്യാരോപിക്കുന്ന വായനയുടെ രീതിയാണ്. ഇക്കാര്യം ഏറ്റവും ഇണങ്ങുന്ന രണ്ടു കവികൾ അക്കാലത്ത് അയ്യപ്പ പണിക്കരും കടമ്മനിട്ടയുമായിരുന്നു. കടമ്മനിട്ട പക്ഷേ, വായനയെ അതിന്റെ ആധ്യാരോപങ്ങളെ അതിന്റെ ആദ്യ പടിയിൽ തന്റെ ചൊല്ലലിന്റെ ആയത്തിൽ കുടുക്കിയിട്ടു. പക്ഷേ, മാസ്മരമായ ആ ചൊൽക്കാഴ്ചകൾ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടെങ്കിലും കേരളത്തിൽത്തന്നെ അതിന്റെ ആദ്യകാല ഇടപെടലുകൾ എല്ലാ മുക്കിലും മൂലയിലും എത്തിയിരുന്നില്ല. അതു കൊണ്ടു തന്നെ ആ കവിതകൾ അതിന്റെ ശബ്ദ സൌഷ്ടവം ഇല്ലാതെത്തന്നെ വായനയിൽ മനസ്സിൽ മുഴങ്ങി. കുറത്തിയും കാട്ടാളനും ശാന്തയും കണ്ണൂർ കോട്ടയും കോഴിയും കടമ്മനിട്ടയും ആ പശുക്കുട്ടിയുടെ മരണവും പുഴുങ്ങിയ മുട്ടകളും നഗരത്തിൽ പറഞ്ഞ സുവിശേഷവും ആ വഴിയിൽ വായനയെ വിസ്മയിപ്പിച്ചു. ഗദ്യമായാലും അല്ലെങ്കിലും കരുണയറ്റ ജീവിതത്തെ കാരുണ്യത്തിന്റെ വാക്കുകൾ കൊണ്ട് വെളിപ്പെടുത്തി. കടമ്മനിട്ട അത്യന്തം രോഷത്തിന്റെ വാക്കുകളാണ് ഉച്ചരിച്ചതെന്ന ഒരു ധാരണയുണ്ട്, അതു തെറ്റാണ്, ആ വാക്കുകൾ അത്യന്തം കാരുണ്യമയമായിരുന്നു. വായനയെ അക്കാലത്ത് ആ അർത്ഥത്തിൽ വഴിതെറ്റിച്ചത് ആ ശബ്ദത്തിലെ പരുക്കത്തരം മാത്രമായിരുന്നു.

കടമ്മനിട്ടയുടെ ശബ്ദം മറന്ന് ഏതെങ്കിലും ഒരു കവിത എടുത്തു വെച്ച് മൌനമായി വായിച്ചു നോക്കുക, അപ്പോൾ കരുണയുടെ കടൽ ഇരമ്പുന്നതറിയാം. വാക്കിനെ മോഹിച്ചും വാക്കിൽ രമിച്ചുമാണ് ആ മനുഷ്യൻ കവിത എഴുതിയത്. അദ്ദേഹം ഏറ്റവും കൂടുതൽ ഇഷ്ടത്തോടെ ഉപയോഗിച്ച് പോന്ന ഒരു വാക്ക് സരിത്ത് എന്നതാണ്. അത് കാരുണ്യത്തിന്റെ സരിത്തു തന്നെയായിരുന്നു. എന്തിനോടായിരുന്നു ഈ കാരുണ്യം എന്ന് പരിശോധിക്കാൻ ഇപ്പോൾ ബാധ്യത വരുന്നു.

കടമ്മനിട്ടക്കവിതയിൽ മൂന്നു തലത്തിൽ ഈ കാരുണ്യം മേൽക്കൈ നേടുന്നുണ്ട്. ഒന്ന് കാവ്യപ്രമേയത്തിന്റെ സ്വീകാര്യത്തിലും അതിന്റെ പരിചരണത്തിലും. രണ്ട് കവിതയുടെ ഭാവശില്പം രൂപപ്പെടുത്തുന്നതിലുള്ള ഇടപെടലിൽ. മൂന്ന് കവിതയുടെ ശില്പവിതാനത്തിൽ.

പ്രമേയ സ്വീകരണത്തിൽ കടമ്മനിട്ട കാണിച്ച ഒരു നിഷ്കർഷ, മനുഷ്യോന്മുഖ പ്രത്യയ ശാസ്ത്രത്തിന് മുന്നിൽ നില്ക്കുക എന്നതായിരുന്നു. ആധുനികതയുടെ വിമർശം എന്ന നിലയിൽ തന്നെ അതിന്റെ മനുഷ്യവിരുദ്ധതകളോടുള്ള കടുത്ത എതിർപ്പും കലഹവുമായിത്തീരുകയാണ് കവിതയുടെ വഴി എന്നു വൈകി കണ്ടെത്തിയ കവിയായിരുന്നില്ല കടമ്മനിട്ട. അതിനാൽ താൻ എന്താണ് എഴുതേണ്ടത് എന്ന പൂർവ്വനിശ്ചിതമായ ഒരു തീരുമാനം കടമ്മനിട്ടയ്ക്ക് ഉണ്ടായിരുന്നു. അതുകൊണ്ടു കൂടിയാവണം ഗോവിന്ദനെപ്പോലെ പ്രമേയത്തിന്റെ മാംസളതയെ ക്രമാതീതമായി ചെത്തിമാറ്റാൻ കടമ്മനിട്ട തയ്യാറാവാതിരുന്നത്. വാക്കിന്റെ സമൃദ്ധി കടമ്മനിട്ടയിൽ ആഘോഷിക്കപ്പെട്ടതിനു മറ്റു കാരണങ്ങൾ ചികയേണ്ടി വരുമെന്നു തോന്നുന്നില്ല.

സമൃദ്ധമായ വാക്കുകളുടെ പ്രവാഹത്തിൽ കാവ്യപ്രമേയം മെഴുകു ശില്പം പോലെ വായനയിൽ യഥേഷ്ടം വഴങ്ങി. ആധുനികത അന്നു സൃഷ്ടിച്ച വായനയുടെ ക്ലിഷ്ടതകളോട് കടമ്മനിട്ടയുടെ കവിതകൾ സമരസപ്പെട്ടു. പൂതപ്പാട്ടിലെ പൂതത്തിന്റെ വരവും കുറത്തിയിലെ കുറത്തിയുടെ വരവും സമാനമായി വായിച്ചെടുക്കാൻ സാധിക്കുന്നത് അതു കൊണ്ടാണ്. പൂതം സൌമ്യവും കുറത്തി രൌദ്രവും ആണെന്ന വ്യത്യാസമേ കാണൂ. രണ്ടും പക്ഷേ, നിഷ്കാസിതന്റെ അടിപ്പടവിൽ നിന്നാണു വരുന്നത്. രണ്ടും അരങ്ങിന്റെ മുന്നിൽ മുറുക്കിത്തുപ്പി ഇരിക്കുന്നവനോടാണു ചോദിക്കുന്നത്. രണ്ടും രണ്ടു കാലത്തിൽ ആയതു കൊണ്ടാണ് രണ്ടു ചോദ്യങ്ങളുടെയും ഘടന മാറുന്നത് എന്നു മാത്രം. ഇതൊരു കാതലായ വ്യത്യാസം അല്ല തന്നെ. രൂപപ്പെട്ടു വരുമ്പോൾ പക്ഷെ വായനയുടെ അതിരുകൾ കാരുണ്യം കൊണ്ട് നനഞ്ഞു പോകുന്നതെന്ത് എന്ന ചോദ്യം പൂതപ്പാട്ട് വായിച്ച ആൾ കുറത്തി വായിച്ചു നിർത്തുമ്പോൾ ഉന്നയിച്ചാൽ വിസ്മയിക്കേണ്ടതില്ല.

'അവസാന ചിത്രം' മുതൽ 'കിളിയും ഞാനും' വരെയുള്ള കടമ്മനിട്ടയുടെ കവിതകളുടെ പ്രമേയത്തെ നിർണ്ണയിച്ചത് ഈ കാരുണ്യത്തിന്റെ സാന്നിദ്ധ്യമാണ്. മനുഷ്യാവസ്ഥകളുടെ വിവിധങ്ങളായ പരമസങ്കടങ്ങളെ രൂക്ഷമായും കടുപ്പിച്ചും പറഞ്ഞൊഴിക്കുകയും നെറിയും നെറികേടുകളും നിറഞ്ഞ പരമദരിദ്രമായ സാംസ്കാരികാന്തരീക്ഷത്തെ അതി തീവ്രതയോടെ മുന്നിലേക്ക് ആഞ്ഞെറിഞ്ഞു തരികയും ചെയ്യുമ്പോൾ പോലും കടമ്മനിട്ട ഈ കാരുണ്യബോധത്തെ കയ്യൊഴിച്ചില്ല. ഓരോ കവിതയുടെയും അകത്തേക്കുള്ള വഴികളിൽ മറ്റു കവിതകളുമായുള്ള ഈ സൂത്രബന്ധം അതീവ ശ്രദ്ധയോടെയാണ് നിർവഹിചിട്ടുള്ളതെന്നു കാണാം. ഈ സൂത്ര ബന്ധമാണ് കടമ്മനിട്ടക്കവിത കൈയ്യിലെടുക്കുമ്പോളെല്ലാം ആഹ്ലാദമുണർത്തുന്നത്.

□

# വിജു നായരങ്ങാടി




1965-ൽ പൊന്നാനിയിൽ ജനിച്ചു . പൊന്നാനിയിൽ ജീവിച്ചുവരുന്നു. വിവിധ ഗവ. കോളേജുകളിൽ ദീർഘകാലം മലയാള വിഭാഗം അദ്ധ്യാപകനായും വകുപ്പ് അദ്ധ്യക്ഷനായും പ്രവർത്തിച്ചു. തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജിൽ നിന്നും പ്രിൻസിപ്പാളായി വിരമിച്ചു. ആനുകാലികങ്ങളിൽ എഴുതുന്നു. പ്രഭാഷണ രംഗത്ത് സജീവമാണ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014